**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3034** **21.08.2017 ൽ മറുപടിയ്ക്ക്**

**"നാണ്യവിളകളുടെ വിലത്തകർച്ച"**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി. | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നാണ്യവിളകൾക്ക് തുടർച്ചയായുണ്ടാകുന്ന വിലത്തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത വിലത്തകർച്ചയ്ക്കുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ബി) സംസ്ഥാനത്തെ പ്രധാന നാണ്യവിളകളായ റബ്ബർ, കാപ്പി, തേയില, കുരുമുളക്, ഏലം എന്നിവയുടെ വില അന്താരാഷ്ട്ര വിലയേയും അന്താരാഷ്ട്ര ഉത്പാദനത്തേയും ആശ്രയിച്ചാണ് ഒരു പരിധി വരെ നിശ്ചയിക്കപ്പെടുന്നത്. പ്രസ്തുത ഉൽപന്നങ്ങൾ എല്ലാം തന്നെ ഇറക്കുമതി ഭീഷണി നേരിടുന്നുണ്ട്. നമ്മുടെ രാജ്യത്തേക്കാൾ ഉല്പാദന ചെലവ് കുറഞ്ഞ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി വരുന്നതും ഉല്പന്നങ്ങൾക്ക് ചില സമയങ്ങളിൽ ആവശ്യക്കാർ കുറയുന്നതും വിലയിടിവിന് കാരണമാകുന്നുണ്ട്. |
| (സി) ഏലം, കുരുമുളക്, തേയില, കാപ്പി, കൊക്കൊ, ഗ്രാമ്പു മുതലായ നാണ്യവിളകളുടെ വിലത്തകർച്ച മൂലം അവ കൃഷി ചെയ്യുന്ന കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ? | (സി) ഈ വിളകളുമായി ബന്ധപ്പെട്ട വിഷയം കേന്ദ്രസർക്കാരിന്റെ കീഴിലുള്ള കോഫിബോർഡ്, ടീബോർഡ്, സ്പൈസസ് ബോർഡ് എന്നിവയാണ് കൈകാര്യം ചെയ്തു വരുന്നത്. എന്നാൽ നാണ്യവിളകൾക്കും സുഗന്ധവിളകൾക്കുമുണ്ടാകുന്ന വിലത്തകർച്ചയും പ്രതിസന്ധിയും പരിഹരിക്കുവാൻ സംസ്ഥാന കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ ആലോചിക്കുന്നതാണ്. |

Rupthi

**സെക്ഷൻ ഓഫീസർ**